# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1491** **03.05.2017-ൽ മറുപടിക്ക്**

## പരസ്യം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം<br>**ശ്രീ. എം. ഉമ്മർ** | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ വിവിധ മാധ്യമങ്ങൾക്കായി എത്ര തുകയാണ് പരസ്യയിനത്തിൽ നൽകിയത്; വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ വിവിധ മാധ്യമങ്ങൾക്കായി പരസ്യയിനത്തിൽ ആകെ 16,11,08,820/- രൂപ (പതിനാറു കോടി പതിനൊന്നു ലക്ഷത്തി എണ്ണായിരത്തി എണ്ണൂറ്റി ഇരുപത് രൂപ മാത്രം) നൽകിയിട്ടുണ്ട്. ടെൻഡർ പരസ്യങ്ങൾക്കായി പത്ര മാധ്യമങ്ങൾക്ക് 7.5 കോടി രൂപയും, ഇലക്ട്രോണിക് മാധ്യമങ്ങൾക്കായി 2,25,58,558/- (രണ്ട് കോടി ഇരുപത്തി അഞ്ച് ലക്ഷത്തി അൻപത്തെണ്ണായിരത്തി അഞ്ഞൂറ്റി അൻപത്തി എട്ട് രൂപ മാത്രം) ഡിസ്പ്ലെ പരസ്യങ്ങൾക്കായി 6,35,50,262/- രൂപയും (ആറ് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി അൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| ബി) ഇത്തരത്തിൽ പരസ്യം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) സർക്കാർ നടപ്പാക്കുന്ന പദ്ധതികളെയും നയങ്ങളെയും തീരുമാനങ്ങളെയും സംബന്ധിച്ച് പൊതുസമൂഹത്തെ മാധ്യമങ്ങൾ മുഖേന അറിയിക്കേണ്ടതിനായി ഗവൺമെന്റ് തീരുമാനിക്കുന്ന പരസ്യം നൽകുന്നതാണ് നിലവിൽ അനുവർത്തിക്കുന്ന മാനദണ്ഡം. |
| സി) ഏതെങ്കിലും വിദേശ മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ? | (സി) വിദേശ മാധ്യമങ്ങളിൽ സാധാരണയായി പരസ്യം നൽകാറില്ല. |

സെക്ഷൻ ഓഫീസർ